(സി) ഇരുപതും ഇരുപത്തിയഞ്ചും വർഷമായി വനം വകുപ്പിൽ താൽക്കാലിക ജോലിക്കാരായി തുടർന്നുവരുന്ന 56 വയസ്സു പൂർത്തിയായിക്കഴിഞ്ഞ താൽക്കാലിക ജീവനക്കാർക്ക് തങ്ങളുടെ ജീവിതാന്ത്യംവരെ ഒരു നിശ്ചിത തുക ലഭിക്കുന്നു എന്ന് ഉറപ്പുവരുത്താൻ വകുപ്പ് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) പരാതികൾ ലഭിച്ചിട്ടുണ്ട്. സർക്കാർ ഉത്തരവിൽ ഉൾപ്പെട്ടിട്ടുള്ള ഓരോ വ്യക്തിയുടെയും യോഗ്യത സർക്കാർ ഉത്തരവിൽ നിഷ്കർഷിച്ചിട്ടുള്ള പ്രകാരം ആധികാരികരേഖകൾ പരിശോധിച്ച് യോഗ്യരായവർക്ക്മാത്രം നിയമനം നൽകുന്നതിന് ബന്ധപ്പെട്ട നിയമനാധികാരികൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ പരാതികളിന്മേൽ വിശദമായ അന്വേഷണം നടത്തുവാൻ വനം വകുപ്പ് വിജിലൻസ് വിഭാഗത്തെ ഏർപ്പെടുത്തിയിട്ടുണ്ട്.

(സി) പരിഗണനയിലില്ല.

വനം വകുപ്പിന്റെ ക്ലിയറൻസ് ലഭിക്കുന്നതിനുള്ള കാലതാമസം

265(3087) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വനംവകുപ്പുമായി ബന്ധപ്പെട്ട പദ്ധതികളിൽ ഫോറസ്റ്റ് ക്ലിയറൻസ് ലഭിക്കുന്നതിന് അനാവശ്യമായ കാലതാമസം വരുന്നുണ്ടെന്ന പരാതി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ; എങ്കിൽ ഇത്തരം പരാതികൾ ഉയർന്നുവരാതിരിക്കുവാനുള്ള നടപടി സ്വീകരിക്കുമോ ;

(ബി) കാലതാമസം വരുത്തുന്ന കേസുകൾ ശ്രദ്ധയിൽപ്പെടുത്തിയാൽ സമയ ബന്ധിതമായി നടപടി സ്വീകരിക്കുമോ ;

(സി) എറണാകുളം ജില്ലയിൽ സ്കൂൾ ബസ്സിനുമുകളിലേക്ക് മരം വീണ് കുട്ടികൾ മരണപ്പെട്ട ദാരുണ സംഭവം, പ്രസ്തുത മരം മുറിക്കുന്നതിനുള്ള അപേക്ഷ ലഭിച്ചിട്ടും വനം വകുപ്പിൽനിന്നുള്ള അനുമതി നീണ്ടുപോയതിന്റെ പശ്ചാത്തലത്തിലാണുണ്ടായതെന്ന മാധ്യമവാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കുവാൻ സത്വര നടപടി കൈക്കൊള്ളുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഇല്ല.

(ബി) സ്വീകരിക്കുന്നതാണ്.

(സി) പരാമർശ വിധേയമായ മരം മുറിക്കുന്നതിന് വനം വകുപ്പിൽ അപേക്ഷകളൊന്നും ലഭിച്ചിരുന്നില്ല.

പുലി ഭീഷണി

266(3088) ശ്രീ. സി. പി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സമീപകാലത്ത് വന്യമൃഗങ്ങൾ പ്രത്യേകിച്ച് പുലികൾ നാട്ടിൻ പ്രദേശങ്ങളിലും കാട് വളരെ അകലെയുള്ള പ്രദേശങ്ങളിലും പ്രത്യക്ഷപ്പെട്ട് ജനങ്ങൾക്ക് ഭീഷണിയുണ്ടാക്കുന്ന സംഭവങ്ങൾ ഏറിവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പാലക്കാട് ജില്ലയുടെ പടിഞ്ഞാറൻ മേഖലയിൽ പുലി ഇറങ്ങി ജനങ്ങൾ പരിഭ്രാന്തരായതും തുടർച്ചയായി പുലികളുടെ സാന്നിദ്ധ്യം ഉണ്ടെന്ന റിപ്പോർട്ടുകളും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) വനംവകുപ്പിന്റെ റാപ്പിഡ് റസ്പോൺസ് ടീമിന്റെ പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ;

(ഡി) വനപ്രദേശങ്ങളിൽ നിന്നും വളരെ ദൂരത്തുള്ള പ്രദേശങ്ങളിൽ ഇത്തരത്തിൽ പുലികൾ എത്തിപ്പെടുന്നത് എങ്ങനെയാണെന്ന് കണ്ടെത്താൻ വനംവകുപ്പ് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് വനമേഖലയോട് ചേർന്ന് കിടക്കുന്ന പ്രദേശങ്ങളിൽ പുലിയടക്കമുള്ള വന്യമൃഗങ്ങൾ ഇറങ്ങി കൃഷിയിടങ്ങൾക്കും കാർഷിക വിളകൾക്കും നാശനഷ്ടങ്ങൾ ഉണ്ടാക്കുന്നതോടൊപ്പം ജനങ്ങളുടെ ജീവനും ഭീഷണി ഉണ്ടാക്കുന്ന സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ കാട്ടിൽനിന്നും വളരെ അകലെയുള്ള പ്രദേശങ്ങളിൽ ഇത്തരം സംഭവങ്ങൾ ഉണ്ടായതായി റിപ്പോർട്ട് ചെയ്തിട്ടില്ല. മലയാറ്റൂർ ഡിവിഷനിലെ കാലടിയിലെ കണ്ണിമംഗലം പ്രദേശത്ത് കാട്ടിൽനിന്നും വളരെ അകലെയല്ലാതെ ഒരു പുള്ളിപ്പുലി ഇറങ്ങിയ സംഭവം റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ബി) ഇത്തരം ഒറ്റപ്പെട്ട സംഭവങ്ങൾ ഉണ്ടായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly